## തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

### സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തി ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിക്കുന്ന സംഗതി സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആർ.ഒ.സി.** 2313/25 /ശബ. **തിരുവനന്തപുരം, തീയതി 30.04.2025**

---

പരാമർശം: 1. പബ്ലിക് റിലേഷൻസ് ഓഫീസറുടെ 03.03.2025-ലെ അപേക്ഷ.

2. ഈ ഓഫീസിലെ 21.03.2025-ലെ മേൽ നമ്പർ ഉത്തരവ്.

3. ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ 02.04.2025-ലെ ഡി.എ.നം. 284/25/ഇ.1 നമ്പർ റിമാർക്സ്.

4. ദേവസ്വം കമ്മീഷണർ ഓഫീസിലെ 10.04.2025-ലെ ആർ.ഒ.സി. 20730/24/എസ്റ്റ.എ നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാററിനം ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെയും / ജീവനക്കാരെയും ഉൾപ്പെടുത്തി വിപുലമായ രീതിയിൽ സ്പോർട്സ് ഡേ ആഘോഷിക്കണമെന്നും ക്രിക്കററ്, ബാഡ്മിന്റൺ, ഫുട്ബോൾ ടൂർണമെന്റുകൾ സംഘടിപ്പിക്കണമെന്നും വിവിധ തലങ്ങളിൽ നിന്നും അഭിപ്രായങ്ങൾ ഉണ്ടായിട്ടുള്ളതാണെന്നും ആയതിനാൽ ഏപ്രിൽ മാസം അവസാന വാരം ഇതിന്റെ പ്രാരംഭഘട്ട നടപടിയെന്ന നിലയിൽ എല്ലാ ഗ്രൂപ്പുകളിലും / ഓഫീസുകളിലും ജോലിനോക്കി വരുന്നതും ക്രിക്കററ് മൽസരത്തിൽ പങ്കെടുക്കുന്നതിന് താൽപ്പര്യമുള്ളവരുമായ ഉദ്യോഗസ്ഥർ/ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു ക്രിക്കററ് ടൂർണമെന്റ് സംഘടിപ്പിക്കുന്നതിന് വേണ്ട അനുവാദ ഉത്തരവുണ്ടാകണമെന്നും ഇതിലേയ്ക്കായി ഔദ്യോഗികമായ ഒരു സർക്കുലർ പുറപ്പെടുവിച്ച് എല്ലാ ഓഫീസ് മേധാവികൾക്കും അറിയിപ്പ് നൽകുന്നതിലേയ്ക്ക് വേണ്ട അനുവാദ ഉത്തരവുണ്ടാകണമെന്നും വിവരിക്കുന്ന പബ്ലിക് റിലേഷൻസ് ഓഫീസറുടെ കത്ത് ലഭ്യമായി (പരാമർശം 1).

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരെയും / ജീവനക്കാരെയും ഉൾപ്പെടുത്തി ക്രിക്കററ് ടൂർണമെന്റ് നടത്തുന്ന സംഗതിയിന്മേലും ഇതിലേയ്ക്കുള്ള ചെലവ് എപ്രകാരം വഹിക്കാമെന്നത് സംബന്ധിച്ചും, ടൂർണമെന്റിൽ പങ്കെടുക്കുന്നവരുടെ അവധി എപ്രകാരം ക്രമീകരിക്കണമെന്നത് സംബന്ധിച്ചും ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ദേവസ്വം കമ്മീഷണർ എന്നിവരുടെ അഭിപ്രായം ആരായുകയുണ്ടായി (പരാമർശം 2). അപ്രകാരമുള്ള അഭിപ്രായം ലഭ്യമായി (പരാമർശം 3, 4).

ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ അഭിപ്രായത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്ലാററിനം ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെയും / ജീവനക്കാരെയും ഉൾപ്പെടുത്തി വിപുലമായ രീതിയിൽ സ്പോർട്സ് ഡേ ആഘോഷിക്കണമെന്നും ക്രിക്കററ്, ബാഡ്മിന്റൺ, ഫുട്ബോൾ ടൂർണമെന്റുകൾ സംഘടിപ്പിക്കാമെന്നും എന്നാൽ അതിനുള്ള തുക ദേവസ്വം ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നത് ഉചിതമല്ലായെന്നും ഇത്തരം ടൂർണമെന്റിൽ പങ്കെടുക്കുന്ന ജീവനക്കാരിൽ നിന്നും തന്നെ ഫണ്ട് സ്വരൂപിക്കുന്നതാണ് ഉചിതമെന്നും കലാ കായിക മൽസരങ്ങൾ സംഘടിപ്പിക്കുന്നതിനും അതിൽ ജീവനക്കാരുടെ പങ്കാളിത്തം

ഉണ്ടാകുന്നതിനും പരിപൂർണ്ണ പിന്തുണ നൽകുന്നത് അഭികാമ്യമാണെന്നും ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ റിമാർക്സിൽ പരാമർശിച്ചിട്ടുള്ളതാണ്.

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജോലി നോക്കിവരുന്ന എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവരെ ഉൾപ്പെടുത്തി ക്രിക്കററ് ടൂർണമെന്റും മററ് കലാകായിക മൽസരങ്ങളും സംഘടിപ്പിക്കുന്നത് ജീവനക്കാരുടെ ജോലി സംബന്ധമായും മററുമുള്ള മാനസിക പിരിമുറുക്കങ്ങൾക്കും മററും കുറയ്ക്കുന്നതിന് ഗുണപ്രദമാകുമെന്നും ഈ ടൂർണമെന്റിൽ പങ്കെടുക്കുന്ന ജീവനക്കാരുടെ ഡ്യൂട്ടിക്ക് തടസ്സം വരാത്ത രീതിയിൽ അവധി ദിവസങ്ങളിൽ സമയം ക്രമീകരിക്കേണ്ടതാണെന്നും പ്രസ്തുത ജീവനക്കാർക്ക് പകരംവ്യവസ്ഥ ആവശ്യമുള്ളപക്ഷം ആയത് ദേവസ്വം ഫണ്ടിൽ നിന്ന് നൽകുവാൻ നിർവ്വാഹമില്ലാത്തതിനാൽ അതത് ജീവനക്കാർ തന്നെ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും കൂടാതെ ടി ടൂർണമെന്റ് ഇപ്പോഴത്തെ കാലാവസ്ഥയിൽ നടത്തുന്നത് അഭികാമ്യമല്ലായെന്നും ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

ആയത് ബോർഡ് വിശദമായി ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാററിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെയും / ജീവനക്കാരെയും ഉൾപ്പെടുത്തി ഒരു ക്രിക്കററ് ടൂർണമെന്റ് സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുന്നു.
2. പബ്ലിക് റിലേഷൻസ് ഓഫീസറെ കോ-ഓർഡിനേററായി നിയോഗിച്ച് ഇതിനായുള്ള ആദ്യഘട്ട ചർച്ചയും, സംഘാടക സമിതിയും രൂപീകരിക്കുന്നതിന് അനുവദിക്കുന്നു.
3. ടി ചർച്ചയ്ക്കായി ഓരോ ഓഫീസിൽ നിന്നും ക്രിക്കററ് ടൂർണമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവതരിപ്പിക്കുന്നതിന് പരിചയമുള്ള ഒരു പ്രതിനിധിയെ ചുമതലപ്പെടുത്തുന്നതിന് ഓഫീസ് മേധാവികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നതിന് തീരുമാനിക്കുന്നു.
4. ടൂർണമെന്റിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ / ജീവനക്കാർ എന്നിവർക്ക് കാഷ്വൽ ലീവ് / സ്വന്തം ചെലവിൽ പകരംവ്യവസ്ഥയിൽ ആളെ നിയോഗിച്ചും ടി ടൂർണമെന്റിൽ പങ്കെടുക്കുന്നതിന് അനുവദിക്കുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,**

**(ഒപ്പ്)**
**സെക്രട്ടറി**

വിവരമറിയുവാനും വേണ്ട മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിററി)
3) ലാ ഓഫീസർ
4) ചീഫ് എഞ്ചിനീയർ (ജനറൽ)
5) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
6) ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
7) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
8) ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
9) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഫിനാൻസ് ഇൻസ്പെക്ഷൻ
10) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ പത്തനംതിട്ട, വൈക്കം, ഹരിപ്പാട്, തിരുവനന്തപുരം

11) എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, മാവേലിക്കര, എസ്റ്റേററ് ഡിവിഷൻ
12) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ, ചെങ്ങന്നൂർ
13) പേർസണൽ സെക്രട്ടറി to പ്രസിഡന്റ്
14) പേർസണൽ സെക്രട്ടറി to മെമ്പർ
15) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
16) ഐ.ററി വിഭാഗം (പ്രസിദ്ധീകരണത്തിന്)
17) സെക്ഷൻ ഫയൽ
18) ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമല സെൽ